# പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3801** 19/03/2018 -ൽ മറുപടിയ്ക്ക്

## പത്താം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് വിവരം അറിയാനുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ടി.ബൽറാം : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരള സിലബസ്സിൽ പത്താം ക്ലാസ്സ് പരീക്ഷയെഴുതിയവർക്ക് മാർക്ക് വിവരം അറിയണമെങ്കിൽ രണ്ട് വർഷം കാത്തിരിക്കേണ്ട സാഹചര്യമുണ്ടോ; | (എ) സർക്കാർ ഉത്തരവ് (സാധാ) നം.180/2012/പൊവിവ, തീയതി 11.01.2012 പ്രകാരം പ്ലസ് ടു വിന് ശേഷം ഉപരിപഠനത്തിന് ബന്ധപ്പെട്ട പരീക്ഷാർത്ഥികൾ ആവശ്യപ്പെട്ടാൽ എസ് എസ് എൽ സി പരീക്ഷയിൽ ലഭിച്ച മാർക്ക് വിവരം, 200/- രൂപ ഫീസ് ഈടാക്കി അവർക്ക് നേരിട്ട് നൽകാവുന്നതാണ്. അതിനാൽ കേരളാ സിലബസ്സിൽ 2015 മാർച്ച് വരെ പരീക്ഷ എഴുതിയവർക്ക് മാർക്ക് വിവരം പരീക്ഷാഭവനിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. 2016, 2017 വർഷങ്ങളിൽ പരീക്ഷ എഴുതിയവർക്ക് ഉന്നതവിദ്യാഭ്യാസം, സ്കോളർഷിപ്പ്, ജോലി/റിക്രൂട്ട്മെന്റ്/ ഇന്റർവ്യൂ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് മാർക്ക് ആവശ്യം വന്നാൽ നിർദ്ദിഷ്ട രേഖകൾ സഹിതം നൽകുന്ന അപേക്ഷ പരിശോധിച്ച് പരീക്ഷാ ഭവനിൽ നിന്നും ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് രഹസ്യ സ്വഭാവം നിലനിർത്തി മാർക്ക് വിവരം നേരിട്ട് അയച്ചു കൊടുക്കുന്നതാണ്. എസ് എസ് എൽ സി പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായമാണ് നിലവിലുള്ളത്. അതിനാലാണ് മാർക്ക് വിവരം നൽകുന്നതിന് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നത്. |
| (ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ സർട്ടിഫിക്കറ്റിൽ ഗ്രേഡിനോടൊപ്പം മാർക്കും രേഖ | (ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സിലബസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ സർട്ടിഫിക്കറ്റിൽ ഗ്രേഡിനോടൊപ്പം മാർക്കും രേഖപ്പെ |

| | |
|---|---|
| പ്പെടുത്തി നൽകുന്നതായി സർക്കാരിന് അറിവുണ്ടോ; | ടുത്തി നൽകുന്നില്ല. |
| (സി) വിവിധ എൻട്രൻസ് പരീക്ഷകൾക്ക് അപേക്ഷ അയക്കുന്ന കുട്ടികൾക്ക് ഓരോ അപേക്ഷ നൽകുമ്പോഴും മാർക്ക് വിവരത്തിനായി 200 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാ ഭവന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; | (സി) 2015 മാർച്ച് വരെയുള്ള മാർക്ക് വിവരങ്ങൾക്ക് സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം എന്ന പേരിൽ അംഗീകൃത ബാങ്കുകളിൽ നിന്നുമെടുത്ത 200/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. 2016 മാർച്ച്/2017 മാർച്ച് വർഷങ്ങളിലെ മാർക്കുവിവരങ്ങൾക്ക് 100/- രൂപ ഡിമാന്റ് ഡ്രാഫ്റ്റ് മതിയാകും. |
| (ഡി) ഈ തീരുമാനം കുട്ടികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതിനാൽ ഇത് പുനഃപരിശോധിക്കുമോ? | (ഡി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ